ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-03-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ എത്തിയ ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബ്, രാഷ്ട്രപതി ദ്രൗപതി മുർമു, -പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവരുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

   **Finnish President Alexander Stubbs, who arrived in New Delhi, will meet President Draupadi Murmu and Prime Minister Narendra Modi today.**

2. പശ്ചിമേഷ്യയിൽ ഇറാനും യു.എസ് ഇസ്രയേൽ സഖ്യവും തമ്മിലുള്ള സംഘർഷം അതി ശക്തം. ഇറാന്റെ യുദ്ധക്കപ്പൽ തകർത്ത് അമേരിക്ക. ലബനിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് നേരെ ഇസ്രായേൽ ആക്രമണം.

   **Tensions between Iran and the US-Israeli alliance in the Middle East are very high. The US has destroyed an Iranian warship. Israel attacked Hezbollah centers in Lebanon.**

3. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് കൊച്ചിയിലെത്തും.

   **Chief Election Commissioner Gyanesh Kumar will reach Kochi today to assess the preparations ahead of the assembly elections.**

4. '2025-ലെ മലയാളഭാഷാ നിയമം' സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നു.

   **The 'Malayalam Language Act of 2025' has come into force in the state.**

5. സംസ്ഥാനത്ത് എസ്എസ്എൽസി, പ്ലസ് വൺ പരീക്ഷകൾക്ക് ഇന്ന് തുടക്കം.

   **SSLC and Plus One exams begin in the state today.**

6. ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ദക്ഷിണാഫ്രിക്കക്കെതിരെ തകർപ്പൻ ജയവുമായി ന്യൂസിലൻഡ് ഫൈനലിൽ.

**New Zealand enters the final of the ICC T20 Cricket World Cup with a huges victory over South Africa.**

****************************************

## PM-FINLAND PREZ MEETING

ന്യൂഡൽഹിയിൽ എത്തിയ ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബ് ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവരുമായി കൂടിക്കാഴ്ച നടത്തും. ഇന്ന് വൈകിട്ട് ന്യൂഡൽഹിയിൽ നടക്കുന്ന 11-ാമത് റെയ്സിന ഡയലോഗിൽ ഫിൻലാൻഡ് പ്രസിഡന്റ് മുഖ്യാതിഥിയാകും. വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചചെയ്യും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും ഇരുവരും കൈമാറും. നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെ ന്യൂഡൽഹിയിൽ എത്തിയ അലക്സാണ്ടർ സ്റ്റബ്ബിനെ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് സ്വീകരിച്ചു. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറും വിശിഷ്ടാതിഥിയുമായി സംഭാഷണം നടത്തും.

****************************************

## NT. WEST ASIA CONFLICT-UPDATE (INTRO)

പശ്ചിമേഷ്യയിൽ ഇറാനും യു.എസ് ഇസ്രയേൽ സഖ്യവും തമ്മിലുള്ള പോരാട്ടം അതി ശക്തമായി തുടരുന്നു. ടെഹ്റാനിൽ ഇറാന്റെ ആഭ്യന്തര സുരക്ഷാ കമാൻഡ് സെന്ററുകളിലും ഇസ്രായേൽ നിരവധി ആക്രമണങ്ങൾ നടത്തി. ഓപ്പറേഷൻ എപ്പിക് ഫ്യൂറിഎന്ന പേരിൽ അമേരിക്കൻ സേന നടത്തുന്ന ഓപ്പറേഷൻ ആരംഭിച്ച് 100 മണിക്കൂറിനുള്ളിൽ ഇറാന്റെ രണ്ടായിരത്തിലധികം യുദ്ധോപകരണങ്ങൾ തകർത്തതായി യുഎസ് സൈന്യം അറിയിച്ചു. ഇറാന്റെ വ്യോമ

പ്രതിരോധം പാടെ തകർത്തതായും ഇറാന്റെ നൂറുകണക്കിന് ബാലിസ്റ്റിക് മിസൈലുകൾ, ലോഞ്ചറുകൾ, ഡ്രോണുകൾ എന്നിവ നശിപ്പിക്കപ്പെട്ടതായും അമേരിക്ക വ്യക്തമാക്കി. ലബനിലെ ബെയ്റൂട്ടിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് നേരെ ഇസ്രായേൽ വ്യോമസേന നടത്തുന്ന ആക്രമണവും ശക്തമാക്കിയിട്ടുണ്ട്.

വിശദാംശങ്ങളിലേക്ക്........

(വോയ്സ്)

ഗാലെ തീരത്ത് ഇറാനിയൻ യുദ്ധക്കപ്പലായ ഐറിസ് ദേനക്ക് നേരെ അമേരിക്ക നടത്തിയ ആക്രമണത്തിൽ 80 ഇറാൻ സൈനികർ മരിച്ചു. വിശാഖപട്ടണത്ത് നടന്ന നാവികാഭ്യാസത്തിൽ പങ്കെടുത്ത് മടങ്ങുകയായിരുന്ന കപ്പലിന് നേരെയാണ് ആക്രമണം ഉണ്ടായത്. 180 ഓളം നാവികരുമായി സഞ്ചരിച്ചിരുന്ന യുദ്ധകപ്പലിന് നേരെ ശ്രീലങ്കക്ക് സമീപത്താണ് ആക്രമണം ഉണ്ടായത്. 78 പേർക്ക് പരിക്കേറ്റതായി റിപ്പോർട്ടുണ്ട്, ഇറാനെതിരായ യുദ്ധം തുടരുമെന്നും അമേരിക്ക സേനാ വക്താവ് അറിയിച്ചു. ബോംബാക്രമണത്തിൽ ടെഹ്റാനിൽ വലിയ നാശനഷ്ടമുണ്ടായി. ടെഹ്റാന്റെ പടിഞ്ഞാറുള്ള കരാജ്, ഇസ്ഫഹാൻ നഗരം എന്നിവിടങ്ങളിലും ആക്രമണം ഉണ്ടായി. അതിനിടെ ഓപ്പറേഷനിൽ പങ്കെടുത്ത 4 യുഎസ് സൈനികർ കുവൈറ്റിലെ ഷുഐബ തുറമുഖത്തെ ഇറാൻ ആക്രമണത്തിൽ കൊല്ലപ്പെട്ടു. . സംഘർഷത്തിനിടെ സൈപ്രസിൽ ആക്രമണം ഉണ്ടായ സാഹചര്യത്തിൽ ഇംഗ്ലണ്ടും ഫ്രാൻസും യുദ്ധക്കപ്പലുകളും വ്യോമ പ്രതിരോധ സംവിധാനങ്ങളും വിന്യസിച്ചിട്ടുണ്ട്. തുർക്കിയിലേക്ക് ഇറാൻ വിക്ഷേപിച്ച മിസൈലും അമേരിക്ക തകർത്തു. ഖത്തറിലെ വിമാനത്താവളങ്ങൾക്കും പ്രകൃതിവാതക നിലയങ്ങൾക്കും ജനവാസമേഖലകൾക്കും നേരെ ഇറാൻ ആക്രമണം നടത്തിയതായി ഖത്തറും ആരോപിച്ചു.

**ന്യൂസ് ഡെസ്ക് ആകാശവാണി..........**

ഫെബ്രുവരി 28 മുതൽ നടക്കുന്ന ആക്രമണങ്ങളിൽ ഇറാനിൽ 1,097 സാധാരണക്കാർ കൊല്ലപ്പെട്ടതായി യുഎസ് ആസ്ഥാനമായുള്ള മനുഷ്യാവകാശ സംഘടന അറിയിച്ചു. ഒരു

ലക്ഷത്തിലധികം പേർ പലായനം ചെയ്തതായി ഐക്യരാഷ്ട്രസഭയും വ്യക്തമാക്കി. ഇറാന്റെ അടുത്ത പരമോന്നത നേതാവായി തിരഞ്ഞെടുക്കപ്പെടുന്നവരെയും ഉന്മൂലനം ചെയ്യുമെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ് മുന്നറിയിപ്പ് നൽകി.

***************************************

## JAISHANKAR SAUDI FM

വിദേശകാര്യ മന്ത്രി എസ് ജയശങ്കർ , സൗദി വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ ബിൻ അബ്ദുള്ളയുമായി ഫോണിൽ സംസാരിച്ചു. പശ്ചിമേഷ്യയിലെ സുരക്ഷാ സാഹചര്യത്തെ കുറിച്ചായിരുന്നു സംഭാഷണം. ഗൾഫ് രാജ്യങ്ങളിലും ആക്രമണം നടക്കുന്ന സാഹചര്യത്തിൽ ഇന്ത്യക്കാരുടെ സുരക്ഷയെ കുറിച്ച് വിദേശകാര്യമന്ത്രി ആശങ്ക രേഖപ്പെടുത്തി. ഇന്ധന ലഭ്യത, ഹോർമുസ് കടലിടുക്കിലെ സുരക്ഷ എന്നിവയും ചർച്ചയായി.

***************************************

## MEA-SPECIAL CONTROL ROOM

പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും നിലവിലെ സ്ഥിതി കണക്കിലെടുത്ത് വിദേശകാര്യ മന്ത്രാലയം കൺട്രോൾ റൂം സജ്ജീകരിച്ചു. ടോൾ ഫ്രീ നമ്പറായ 18-00-11-87-97 ലോ +91 11 23 01 21 13, +91 11 2301 4104, +91 11 2301 7905 എന്നീ നമ്പറുകളിലോ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ ബന്ധപ്പെടാം. പ്രശ്നബാധിത മേഖലകളിലെ ഇന്ത്യൻ എംബസികളും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.

***************************************

## AIR INDIA - ADVISORY

പശ്ചിമേഷ്യയിലെ നിലവിലുള്ള സാഹചര്യം കണക്കിലെടുച്ച് ടൊറന്റോ, ഫ്രാങ്ക്ഫർട്ട്, പാരീസ് എന്നിവിടങ്ങളിലേക്ക് ഈ മാസം 11 വരെ എയർ ഇന്ത്യ ഡൽഹിയിൽ നിന്ന് കൂടുതൽ വിമാന

സർവീസുകൾ നടത്തും. യുഎഇയിലെ റാസ് അൽ ഖൈമയിൽ നിന്ന് ഡൽഹി, കൊച്ചി, മുംബൈ എന്നിവിടങ്ങളിലേക്ക് ശനിയാഴ്ച വരെ പ്രത്യേക വിമാനങ്ങൾ സർവീസ് നടത്തും .

***************************************

## AIR INDIA- REFUND/CANCELLATION

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യങ്ങളെ തുടർന്ന് മാർച്ച് പത്ത് വരെയുള്ള ടിക്കറ്റുകൾ റദ്ദാക്കിയാൽ മുഴുവൻ റീഫണ്ട് നൽകുമെന്ന് എയർ ഇന്ത്യ. സൗജന്യമായി റീ ഷെഡ്യൂൾ ചെയ്യാനും സൗകര്യമുണ്ടാകും. പശ്ചിമേഷ്യ, യുകെ, യൂറോപ്പ് യാത്രകൾക്കായി ഫെബ്രുവരി 28-നോ അതിനുമുമ്പോ നടത്തിയ ബുക്കിംഗുകൾക്കാണ് ഇത് ബാധകമാകുക.

***************************************

## US SENATE VOTE ON WAR

ഇറാനെതിരായ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സൈനിക നീക്കത്തെ പിന്തുണച്ച് യുഎസ് സെനറ്റ്. കോൺഗ്രസിന്റെ അനുമതിയില്ലാതെയുള്ള സൈനികനീക്കം നിർത്തലാക്കാനുള്ള ഉഭയകക്ഷി പ്രമേയം ഇന്നലെ രാത്രി സെനറ്റർമാർ തടഞ്ഞു. 47 നെതിരെ 53 വോട്ടുകൾക്കാണ് സെനറ്റ് പ്രമേയം തള്ളിയത്.

***************************************

## CBSE - EXAM

സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യൻ മേഖലകളിൽ ഇന്നും നാളെയും നടത്താനിരുന്ന CBSE 10,12 ക്ലാസുകളിലെ പരീക്ഷകൾ മാറ്റിവെച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

***************************************

## VP- KARNATAKA VISIT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് കർണാടക സന്ദർശിക്കും. ബേലാവി ജില്ലയിലെ ശ്രീ വീരഭദ്രേശ്വർ ക്ഷേത്രത്തിൽ രാജഗോപുരം, കലശാരോഹണം, മഹാകുംഭാഭിഷേക ചടങ്ങുകളുടെ ഉദ്ഘാടനത്തിൽ

അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ഉപരാഷ്ട്രപതി ഈ മാസം 7 ന് ത്രിപുരയിലെ അഗർത്തലയും സന്ദർശിക്കും.

************************************

## SSLC EXAM

സംസ്ഥാനത്ത് എസ്എസ്എൽസി പ്ലസ് വൺ പരീക്ഷകൾക്ക് ഇന്ന് തുടക്കം. കേരളത്തിലെ 3031 പരീക്ഷാ കേന്ദ്രങ്ങളിലായി 4,17,497 വിദ്യാർഥികളാണ് എസ്എസ്എൽസി പരീക്ഷ എഴുതുന്നത്. ഗൾഫ് മേഖലയിൽ 633 പേരും ലക്ഷദ്വീപിൽ 386 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷകൾ നാളെയാണ് തുടങ്ങുന്നത്.

************************************

## CEC KOCHI VISIT

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് കൊച്ചിയിലെത്തും. കന്നി വോട്ടർമാരുമായും അദ്ദേഹം സംവദിക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ചർച്ചകൾ നടത്തും.

************************************

## MALAYALAM LANGUAGE BILL

ഗവർണ്ണർ രാജേന്ദ്ര ആർലേക്കർ അംഗീകാരം നൽകിയതോടെ '2025-ലെ മലയാളഭാഷാ നിയമം' പ്രാബല്യത്തിലായി. 2025 ഒക്ടോബർ 9-നാണ് നിയമസഭ ബിൽ പാസാക്കിയത്. നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, പാസ്സാക്കുന്ന നിയമങ്ങൾ, ഓർഡിനൻസുകൾ, സർക്കാർ ഉത്തരവുകൾ എന്നിവയെല്ലാം ഇനി മലയാളത്തിലായിരിക്കും. ഹൈക്കോടതിയുടെ അനുമതിയോടെ ജില്ലാ കോടതികൾ

വരെയുള്ള നടപടികളും വിധിന്യായങ്ങളും ഘട്ടംഘട്ടമായി മലയാളത്തിലാക്കും.

****************************************

## ICC T-20 .....INTRO

ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ദക്ഷിണാഫ്രിക്കക്കെതിരെ തകർപ്പൻ ജയവുമായി ന്യൂസിലൻഡ് ഫൈനലിലെത്തി. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ നടന്ന ആദ്യ സെമിഫൈനലിൽ ഫിൻ അലന്റെ അപരാജിത സെഞ്ച്വറിയുടെ കരുത്തിൽ, ന്യൂസിലൻഡ് ദക്ഷിണാഫ്രിക്കയെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. ദക്ഷിണാഫ്രിക്ക മുന്നോട്ടുവച്ച 170 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലൻഡ് വെറും 12.5 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ സ്കോർ മറികടന്നു. അതേസമയം, ഇന്ന് രണ്ടാം സെമിഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്ക് മത്സരം ആരംഭിക്കും.

ആകാശവാണി പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയ്സ്..)

****************************************

## RAJYASABHA

രാജ്യത്തെ 10 സംസ്ഥാനങ്ങളിൽ ഒഴിവ് വന്ന 37 രാജ്യസഭാ സീറ്റുകളിലേക്കുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. നാളെയാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. ഈ മാസം 9 വരെ പത്രികകൾ പിൻവലിക്കാൻ അവസരമുണ്ട്. മാർച്ച് 16-ന് നടക്കുന്ന തെരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനവും അന്നേദിവസം ഉണ്ടാവും.

**************************************************************************************

**************************************************************